atma
book with a soul

# അനിതരസാധാരണം



എഡിറ്റർ
ഡോ. അശോക് ഡിക്രൂസ്

Malayalam
Anitharasadharanam
(Study)
Editor: Dr. Ashok D'cruz
Copyright: Editor

Layout: Sheeja M
Cover Design: Lijeesh M.

First Published: March 2023
ISBN: 978-93-93969-94-1
₹440

Pusthakalokam
SRA, A - 51, Ward 38
Kallai, Kozhikode - 673 003
Phone: +918848663483, +919496105082

Printed, Published by:

atma
book with a soul

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ഉള്ളടക്കം

## ഭാഗം - 1
## ഭാഷയും സമൂഹവും


മലയാള-പ്രാകൃത ബന്ധം 15
*ഡോ. എം. ശ്രീനാഥൻ*

ഭാഷാകൗടലീയം: ജാതിയിൽ ഉടൽപൂണ്ട ദേശം 53
*ഡോ. കെ. വി. ശശി*

കേരളത്തിന്റെ വികസന പ്രതിസന്ധി:
ഒരു സ്ത്രീപക്ഷ വായന 94
*ഡോ. മല്ലിക എം. ജി.*

മാനവവികസനറിപ്പോർട്ടുകളുടെ
പ്രമേയപരമായ വിശകലനം 110
*ഡോ. ശ്രീജ വി.*


## ഭാഗം - 2
## സംസ്കാരവും കലയും


കാർഷിക ഫോക്‌ലോറുകളിലെ ഉർവരതാശയങ്ങൾ 135
*ഡോ. കെ. എം. ഭരതൻ*

തെക്കൻ തിരുവിതാംകൂറിന്റെ സംസ്കാരപൈതൃകം
മൂവോട്ടുമല്ലൻ കഥയിൽ 149
*ഡോ. ജി. സജിന*

കാലത്തിന്റെ തയ്യൽക്കാരൻ: പി.യുടെ കലാകാരൻ എന്ന
കവിതയെ മുൻനിർത്തി ചില കലാചിന്തകൾ 160
*ഡോ. സി. ഗണേഷ്*

മലയാളസിനിമയുടെ കടലിടങ്ങൾ: 'ചെമ്മീൻ' മുതൽ
'പുതിയ തീരങ്ങൾ' വരെയും 'സീസൺ' മുതൽ 'മാലിക്'
വരെയും 167
*ഡോ. ശ്രീദേവി പി. അരവിന്ദ്*

# ഭാഗം - 3

# ഗവേഷണസാധ്യതകൾ


സമൂഹപഠനവും സാമൂഹ്യയാഥാർത്ഥ്യങ്ങളും: പ്രാമാണികവും രീതിശാസ്ത്രപരവുമായ തർക്കങ്ങൾക്ക് ഒരാമുഖം 179
*ഡോ. കെ. എസ്. ഹക്കിം*

ചില സൈബോർഗിയൻ ചിന്തകൾ 188
*കെ. പി. രാമനുണ്ണി*

മാധ്യമീകൃതസമൂഹത്തിലെ വ്യാജ ഉള്ളടക്ക നിർമിതികൾ 194
*ഡോ. അർച്ചന സി. എ.*

നെറ്റിലായ മലയാളിയും ആപ്പിലായ മലയാളവും 202
*ഡോ. അശോക് ഡിക്രൂസ്*

പക്ഷികളുടെ ചേക്കേറലുകളും സാമൂഹിക വ്യവസ്ഥാസിദ്ധാന്തങ്ങളും 215
*ഡോ. ധന്യ ആർ.*

## മലയാള-പ്രാകൃത ബന്ധം

**ഡോ. എം. ശ്രീനാഥൻ**

ഭിന്നഭാഷാംശങ്ങൾ ഉൾച്ചേർന്ന ജീവൽഭാഷകളിലൊന്നാണ് മലയാളം. സമ്പർക്കം വഴിയാണ് ഈ ഉൾച്ചേരൽ സാധ്യമായിരിക്കുന്നത്. ഇന്തോആര്യൻഭാഷകളുടെ മലയാള സമ്പർക്കമുറയിൽ പ്രഥമസ്ഥാനം പ്രാകൃത സമ്പർക്കത്തിനാണ്. ലീലാതിലകകാരനും പ്രാകൃത ഭാഷ-സാഹിത്യ സാന്നിധ്യത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നു. ശിൽപ്പം ഒന്ന് മുതൽ നാല് വരെ പ്രാകൃതപദങ്ങളെക്കുറിച്ചുള്ള ചർച്ചകാണാം. മണിപ്രവാളത്തിലെ ധാതുക്കൾ പ്രാകൃതഭാവം, പ്രാകൃതസമം, പ്രാകൃതൈകദേശസമം രൂപങ്ങളായി അദ്ദേഹം വിവരിക്കുന്നുണ്ട്. ഹ്രസ്വ എകാര-ഒകാരം പ്രാകൃതവുമായി ദ്രാവിഡം പങ്കിടുന്നുണ്ട്. ഐ, ഔ എന്നീ ദ്വിസ്വനങ്ങളുടെ കാര്യത്തിലും മൂർദ്ധന്യത്തിന്റെ കാര്യത്തിലും തെന്ന് സ്വരമായ (Glide) യകാരം എന്നിങ്ങനെ വിവിധ ഘടകങ്ങളിൽ പങ്കിടുന്ന പ്രാകൃത-ദ്രാവിഡ ബന്ധം മലയാളത്തിൽ ശക്തമായി നിലനിൽക്കുന്നുണ്ട്. പ്രാകൃതം സാഹിത്യഭാഷയെന്ന നിലയിൽ ദ്രാവിഡത്തെ പൊതുവിലും മലയാളത്തെ സവിശേഷമായും സ്വാധീനിച്ചിരുന്നു. വരരുചിയുടെ പ്രാകൃത പ്രകാശം എന്ന വ്യാകരണഗ്രന്ഥം അഭിനവഗുപ്തന്റെ അഭിപ്രായത്തിൽ പ്രാകൃതവ്യാകരണങ്ങളിൽ മുഖ്യമാണ്. വരരുചിയുടെ ജന്മദേശം കേരളമാണെന്നാണ് ഉള്ളൂരിന്റെ നിഗമനം. ശ്രീ ചിഹ്നം അഥവ ഗോവിന്ദാഭിഷേകം, ശൗരി ചരിതം എന്നിങ്ങനെ വിവിധ കൃതികൾ പതിമൂന്നാം നൂറ്റാണ്ടിനുശേഷം കേരളത്തിൽനിന്ന് ഉണ്ടായതായി കരുതുന്നു. സംസ്കൃതനാടകങ്ങളിൽ പ്രാകൃതം ഉൾപ്പെടുത്തിയിരുന്നു. ഭാസനാടകങ്ങളിലും ശക്തമായ പ്രാകൃത സാന്നിധ്യം കാണുന്നുണ്ട്. ഇതോടൊപ്പം പ്രാകൃതകാവ്യങ്ങളുടെ

വ്യാഖ്യാനങ്ങളും കേരളത്തിൽനിന്നും ഉണ്ടായിട്ടുള്ളതായി എം. പി. ശങ്കുണ്ണിനായർ (1995) അഭിപ്രായപ്പെടുന്നുണ്ട്. മലയാള-പ്രാകൃതബന്ധത്തിന്റെ ശേഷിപ്പുകളായി പദ-സാഹിത്യശേഷിപ്പുകളെ പരിശോധിക്കുകയാണ് ഈ പഠനത്തിൽ.

മലയാളത്തിലെ പരകീയപദങ്ങൾ ഭാഷാസമ്പർക്കത്തിന്റെ ശേഷിപ്പുകളാണ്. സാമൂഹ്യഇടപെടലുകളായ സമ്പർക്കചരിത്രം ഭാഷയിൽ ശേഷിക്കുന്നത് പരകീയപദങ്ങളിലൂടെയാണ്. മലയാളത്തിലെ ഇന്തോ-ആര്യൻ പരകീയപദങ്ങളെക്കുറിച്ചുള്ള പഠനം എൽ. വി. രാമസ്വാമി അയ്യർ (1934) തുടങ്ങിയെങ്കിലും കൂടുതൽ വിശദമായ പഠനം തുടർന്നുണ്ടായ കെ. ഗോദവർമയുടെതാണ് (1946). മലയാള-പ്രാകൃത ബന്ധം എൽ. വി. രാമസ്വാമി അയ്യർ അൻപതോളം പദങ്ങൾക്ക് വന്ന അർഥമാറ്റങ്ങളെക്കുറിച്ച് തന്റെ പഠനത്തിൽ വിവരിക്കുന്നുണ്ട്. സംസ്കൃതം, മധ്യകാല ഇന്തോ ആര്യൻ, ആധുനിക ഇന്തോ-ആര്യൻ ഭാഷകളുടെ മലയാളത്തിലെ പദശേഷിപ്പുകളെ കണ്ടെത്തി അവയുടെ സമ്പർക്കവഴി തെളിയിച്ചെടുക്കുകയായിരുന്നു കെ. ഗോദവർമ്മയുടെ പഠനം. ഇന്തോ ആര്യനും അതോടൊപ്പമുള്ള ഇതര ഭാഷാസമ്പർക്കത്തിന്റെ ശേഷിപ്പുകളെയും കണ്ടെത്തി അവതരിപ്പിക്കുകയാണ് പി. എം. ജോസഫ് (1984). പ്രാകൃതവും മലയാളവും തമ്മിലുള്ള ബന്ധത്തിന്റെ വഴികൾ തിരയുകയും ശേഷിപ്പുകളെ പദതലത്തിലും സാഹിത്യതലത്തിലും അടയാളപ്പെടുത്തുകയായിരുന്നു എം. പി. ശങ്കുണ്ണിനായരുടെ (1995) പഠനലക്ഷ്യം.

മധ്യകാല ഇന്തോആര്യൻ ഭാഷകളായി തിരിച്ചറിഞ്ഞിട്ടുള്ളത് വിവിധ പ്രാകൃതങ്ങളെയാണ്. അവയിൽ ബുദ്ധമതക്കാരിലൂടെ മലയാളത്തിൽ കുടിയേറിയത് പാലിയാണ്. അർഥമാഗധി, ശൗരസേനി, മഹാരാഷ്ട്രി പ്രാകൃതങ്ങൾ ജൈനരിലൂടെയും പിൽക്കാലത്ത് ബ്രാഹ്മണരിലൂടെയും സജീവമായി. മാഗധി പ്രാകൃതം വാണിജ്യബന്ധത്തിലൂടെയാണ് മലയാളത്തിലെത്തിയത്. ചുരുക്കത്തിൽ മലായള-പ്രാകൃതബന്ധത്തിനു പിന്നിൽ ശക്തമായ രണ്ട് സമ്പർക്കധാരകൾ കണ്ടെത്താം. മതപ്രചാരണം, വാണിജ്യബന്ധം എന്നിവയാണവ. ഇതിലൊന്നാമത്തേതിൽ മൂന്ന് ഉപധാരകൾ അടയാളപ്പെടുത്താം. ബുദ്ധ-ജൈന-ബ്രാഹ്മണ (ഹിന്ദു) മതപ്രചാരണത്തിന്റേതാണിവ.

മലയാളത്തിൽ ഉൾച്ചേർന്ന പ്രാകൃതപദങ്ങൾ പരിശോധിച്ചാൽ സാംസ്ക്കാരികമായും സാമൂഹികമായും മലയാള സംസ്കൃതി ദ്രാവിഡ സംസ്കൃതിയിൽനിന്ന് സമ്പർക്കം വഴി വേറിടുന്ന കാഴ്ചയും കാണാം. ഭരണം, സാമ്പത്തികം, തൊഴിൽ, ശരീരം, രോഗം. ചികിത്സ, ഗൃഹം, ഗൃഹോപകരണങ്ങൾ ഭക്ഷണം, വസ്ത്രം, അലങ്കാലം, ബന്ധസൂചകങ്ങൾ, വ്യക്തിനാമങ്ങൾ, തൊഴിൽ സമുദായങ്ങൾ, വാഹനങ്ങൾ, കളികൾ, കലകൾ, മതസ്ഥാപനങ്ങൾ, ദേവദേവതകൾ, വിദ്യാഭ്യാസം, സംഖ്യാവാചികൾ, നിറം, ഭൂമിശാസ്ത്രം, പ്രകൃതി, സമയം, സസ്യജന്തുലോകം, ആശയലോകം, എന്നിങ്ങനെ വിവിധ ഇനങ്ങളിൽപെടുന്ന പ്രാകൃതപദങ്ങൾ മലയാളത്തിൽ ഇടം കണ്ടെത്തി.

ഭരണവ്യവസ്ഥയുടെ രൂപീകരണത്തിൽ പ്രാകൃതാടിത്തറ കാണാം. മലയരയനിലേയും കടലരയനിലേയും അരയൻ (രാജാവ്) രാജാവും പത്നിയായ റാണിയും പ്രാകൃത ശേഷിപ്പുകളാണ്. വീരിയം (പൌരുഷം), ചത്തി (കരുത്ത്, ശക്തി) രാജാവിന്റെ ഗുണങ്ങളായിരുന്നു. ചാമന്തന്മാരും അമച്ചൻമാരും (മന്ത്രി) ഓച്ഛാനിച്ചുനിൽക്കുന്ന ശേവുകക്കാരും (സേവകർ) ഭരണത്തിന്റെ ഭാഗമായിരുന്നു. വിഭവശേഖരപ്പുരകളായിരുന്നു കൊട്ടകാരം (കൊട്ടാരം). അരമനയായിരുന്നു രാജഗൃഹം. ആസ്ഥാന മണ്ഡപമായ അത്താണിയിലിരുന്ന് ഞായവും അഞായവും (ന്യായവും അന്യായവും) കേട്ട് തീരുമാനം (കച്ചം, കാരിയം) ചെയ്യുകയായിരുന്നു രാജാവിന്റെ ധർമം. രാജവിന്റെ ആണത്തി (ഉത്തരവ്) ഇലച്ചിക്കുക (മുദ്രവെക്കുക) പതിവായിരുന്നു. കാരഗൃഹവും (കൊട്ടം) നഗര കവാടവും (ഗോപുരം) നിർമിച്ചിരുന്നു. രാജാവിന്റെ വേഷഭൂഷാദികൾ, അധികാരമുദ്രകൾ, വാഹനങ്ങളായ പല്ലക്ക്, ആഞ്ഞോളം, ആയുധങ്ങൾ, നികുതി/കപ്പം പിരിക്കുന്നതും പട്ടയം നൽകുന്നതുമായ കാര്യാലയങ്ങൾ എന്നിങ്ങനെ ഭരണവ്യവസ്ഥയുടെ ആരൂഢം പ്രാകൃത നിർമിതമാണെന്ന് എൺപത്തിയഞ്ച് പ്രാകൃതപദങ്ങൾ വെളിപ്പെടുത്തുന്നു (പി. എം. ജോസഫ് പുറം 153-163).

കേരളത്തിന് കച്ചവട (വ്യാപാര) സംസ്ക്കാരം പകർന്നു കിട്ടിയത് പ്രാകൃത സമ്പർക്കത്തിലൂടെ ആയിരുന്നു. അങ്ങാടി, ചന്ത, കമ്പോളം, പീടിയ തുടങ്ങിയ കച്ചവട ഇടങ്ങളും കച്ചവട വസ്തുവായ ചരക്കും കച്ചവടക്കാരായ ചെട്ടിയാരും വാണിയരും

കുത്തകക്കാരും മുൻപണം നൽകലും തരക് (കമ്മീഷൻ) വ്യവസ്ഥയും ചരക്ക് നികുതിയായ ചുങ്കം പിരിക്കുന്ന ചൌക്ക യും ചെലവെന്ന സങ്കൽപ്പവുമെല്ലാം മലയാളത്തിലെത്തിയത് പ്രാകൃതം വഴിയാണ്.

ചരക്ക് വിനിമയത്തിൽ പ്രധാനമായ അളവ് തൂക്കങ്ങളായ ആഴക്ക്, കഴഞ്ച്, കാണി, നാഴി എന്നിവയും പ്രാകൃതത്തിൽ നിന്ന് കടം കൊണ്ടതാണ്. കച്ചവടം നാണയസംസ്ക്കാര ബന്ധിതമാണ്. നാണയമടിക്കാനുള്ള അക്കശാലയും അച്ചും വിവിധ നാണയ നാമങ്ങളും കച്ചവട സംസ്കൃതിയിലെ പ്രാകൃതബന്ധം ഊട്ടി യുറപ്പിച്ചതിൽ നിർണായകമാണ്.

കേരളസമൂഹം വിവിധ തൊഴിൽ വിഭാഗങ്ങളായി രൂപം കൊണ്ടതും പ്രാകൃത സമ്പർക്കത്തിലൂടെയാണ്. ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ, ശിൽപി, നെയ്ത്തുകാർ, ചെത്തുകാർ, കുശവൻ, ചക്കാലൻ, അമ്പലവാസി (പിഷാരടി, വാരിയർ, അക്കിത്തിരി), മേളക്കാർ, എന്നിങ്ങനെയുള്ള തൊഴിൽ വിഭാഗ ങ്ങളുടെയും പണിശാലയുടെയും പിറവി പ്രാകൃത സമ്പർക്ക ത്തിൽ നിന്നാണ്. ചണ്ടാലർ ഹീന ജാതിക്കാരാണെന്ന ആശയം പങ്കുവെച്ചുകിട്ടിയതും പ്രാകൃതംവഴിതന്നെ. ശരീരാവയവ നാമ ങ്ങളും കഷണ്ടിയും വിക്കും രോമാഞ്ചവും പോലെ ശരീരവുമായി ബന്ധപ്പെട്ട അവസ്ഥകളും തിരിച്ചറിഞ്ഞത് പ്രാകൃതവഴിതന്നെ. ചികിത്സയുമായി ബന്ധപ്പെട്ട് കക്കം, കവളിക (മുറിവിൽകെട്ടുന്ന തുണി), ഗുളിക, തോണി (അസ്ഥി ഒടിയുമ്പോൾ കെട്ടുന്ന സ്പ്ലിന്റ്) എന്നിവയും വയലട്ടയുപയോഗിച്ച് അശുദ്ധരക്തം നീക്കം ചെയ്യുന്ന രീതിയും മലയാളിക്ക് പരിചിതമായതിന് പിന്നിലും പ്രാകൃതബന്ധം തന്നെയാണുള്ളത്.

ഗൃഹനിർമാണത്തിൽ പുറംതിണ്ണ, തൂൺ, തളം, കല്ലുപാകിയ തറ, ഇരുനിലക്കെട്ടിടം എന്നിവയെല്ലാം പ്രാകൃതബന്ധത്തോടെ മലയാളി ആർജ്ജിച്ചതാണ്. ചുടുകട്ടയുടെയും പട്ടിയലിന്റെയും ഉപയോഗവും ഈ വഴിതന്നെ. പല വീട്ടുപകരണങ്ങളും മലയാളി പരിചയപ്പെട്ടത് ഈ സമ്പർക്കത്തിലൂടെയാണ്. തളിക, ചെരുവം, തവി, താലം, പടിക്കം, പാത്രം, പത്തായം, പെട്ടി, വട്ടി, കൊട്ട, സഞ്ചി, ഏണി, കട്ടിൽ, വിശറി, കയർ, ചങ്ങല എന്നിവയെല്ലാം പ്രാകൃതശേഷിപ്പുകളാണ്. അവൽ, ശർക്കര, നെയ്യ്, പുട്ട്, കഞ്ഞി, പച്ചടി, തയിർ, പരിചിതമായതും മദ്യനിർമാണപരിചയം ഉണ്ടാ

യതും ഈ വഴിതന്നെ. കുപ്പായം, കോണകം, കച്ച, കച്ച്, അങ്കി, പുതപ്പ്, പാവാട, പുടവ, തൊപ്പി തുടങ്ങിയവയുടെ ഉപയോഗം ശീലിപ്പിച്ചതും അണിഞ്ഞൊരുങ്ങാനും മുത്തും മാണിക്യവും പാദസ്വരവും അണിയാനും കുന്തിരിക്കം ഉപയോഗിക്കാനു മൊക്കെ ഈ സമ്പർക്കം പ്രാപ്തരാക്കി.

അച്ഛനും, അച്ചിയും ചങ്ങാതിയും പ്രാകൃതം തന്നെ. സമൂഹ ത്തിൽ കെട്ടവരും സമന്മാരും ഉണ്ടെന്നും സ്ത്രീകളിൽ മാന്യ സ്ത്രീകളും അല്ലാത്തവരും ഉണ്ടെന്നും അകംപടിക്കാരായ ലോഹ്യക്കാരോടൊപ്പം വക്കാണക്കാരുമുണ്ടെന്ന് സമൂഹ ജ്ഞാനം നമുക്ക് ലഭിച്ചത് പ്രാകൃത സമ്പർക്കത്തിലൂടെയാണ്. പല വ്യക്തിനാമങ്ങളും സ്ഥലനാമങ്ങളും ഈ വഴി മലയാളത്തിൽ എത്തിയിട്ടുണ്ട്. ആരിയർ, ചോനകൻ, തുരുക്കൻ (അറബി), തുലിക്കൻ (തുർക്ക് ദേശക്കാരൻ) ഒട്ട ദേശത്തുകാരെയും മല യാളി അറിഞ്ഞതും പ്രാകൃതം വഴിതന്നെ. കരമാർഗമുള്ള കൂടാര വണ്ടിയും ചാട് വണ്ടിയും വണ്ടിച്ചക്രങ്ങളെ യോജിപ്പിക്കുന്ന അച്ചും, അച്ചാണിയും ജലമാർഗമുള്ള തോണിയും വള്ളത്തിന്റെ അണിയവും അമരവും പന്നകവും വണ്ടി വലിക്കുന്ന മൃഗ ത്തെയും പരിചയപ്പെടുത്തിയ പ്രാകൃതം കളിയിൽ പന്തയ സമ്പ്ര ദായവും തുടങ്ങി. പകിട, ചൂത്, ഊഞ്ഞാല്, കളിപ്പന്ത് തുടങ്ങിയ കളികളോടൊപ്പം മുറുക്കാനും നേരംപോക്കാക്കി. വീണപോലുള്ള തന്ത്രിവാദ്യവും മദ്ദളമെന്ന താളവാദ്യവും അവചേർത്തുള്ള മേളവും താള സങ്കൽപ്പവും ആട്ടവും പാട്ടുമടങ്ങുന്ന പുരുഷ നൃത്തവും പുരുഷ നർത്തകനെയും പ്രാകൃതം പരിചയപ്പെടുത്തി. മതപ്രചാരണംവഴി അമ്പലം, കൊട്ടം, തളി, പള്ളി, എന്നിങ്ങ നെയുള്ള സ്ഥാപനങ്ങളും അയ്യൻ (ബുദ്ധഭിക്ഷു), ചവണർ, ചാതു (ജൈനസന്യാസി), വേതിയൻ (വേദജ്ഞാനമുള്ള ബ്രാഹ്മണർ), കോമരം, കത്തനാർ എന്നിങ്ങനെയുള്ള പുരോ ഹിത വിഭാഗങ്ങളും നമുക്കിടയിൽ വേരോടി. ദേവദേവതകളോ ടൊപ്പം പൌരാണിക കഥാപാത്രങ്ങളും സംജ്ഞാനാമങ്ങളായി. മതാചാരം പൂജാവസ്തുക്കൾ എന്നിവയുമായി ബന്ധപ്പെട്ട പലതും മലയാളത്തിൽ കുടിയേറി. മനസ്സും മാനസിക വ്യാപാര ങ്ങളുമായി ബന്ധപ്പെട്ട പദങ്ങളും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എഴുത്തുരീതികൾ, സാമഗ്രികൾ, പള്ളിക്കൂടം, ആധാരഗ്രന്ഥങ്ങൾ എന്നിങ്ങനെയുള്ള പദങ്ങളും ഈ വഴിയെത്തി.

സമ്പർക്കത്തിന്റെ ഫലമായി സംഖ്യാവചികൾ, നിറപ്പേരുകൾ, രുചിഭേദങ്ങൾ ഇവയൊക്കെ മലയാളി പരിചയപ്പെട്ടു. ഇടങ്ങളെക്കുറിച്ചുള്ള ബോധവും ജലാശയ നാമങ്ങളും പ്രകൃതിശക്തികളെയും അറിഞ്ഞതോടൊപ്പം സമയം, ദിശ, ദൂരം, മാസം എന്നിവയെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും ഗ്രഹനക്ഷത്രങ്ങളെക്കുറിച്ചുള്ള അറിവും ഈവഴി കടന്നെത്തി. സസ്യജന്തുപ്രകൃതിയെക്കുറിച്ചുള്ള സൂക്ഷമവസ്തുക്കളുടെ ജ്ഞാനം നേടിയതോടൊപ്പം അജൈവികപ്രകൃതിയുടെ രാസസ്വഭാവഗുണങ്ങൾ പഠിക്കാനും കഴിഞ്ഞു. വിപുലമായ ആശയലോകം മലയാളിക്ക് പരിചയപ്പെടുത്തിയ പ്രാകൃത സമ്പർക്കത്തിന്റെ ശേഷിപ്പുകൾ ഇന്നും സജീവമാണ്.

മലയാളവും പ്രാകൃതവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എം. പി. ശങ്കുണ്ണിനായർ പദതലത്തിൽ മാത്രമല്ല ചർച്ചചെയ്യുന്നത്. പ്രാകൃത സാഹിത്യപ്രവണതകളും മലയാളത്തിൽ കടന്നുവന്നിട്ടുള്ളതായി അദ്ദേഹം കണ്ടെത്തുന്നു.

പ്രാകൃതഭാഷ സംസ്കൃതത്തേക്കാൾ ദ്രാവിഡവുമായി അടുത്തുനിൽക്കുന്നുവെന്നാണ് എം. പി. ശങ്കുണ്ണിനായരുടെ ഭാഷ്യം. ചില അംശങ്ങളിൽ തമിഴ്-മലയാള പ്രാചീനസാഹിത്യം, പ്രാകൃത പ്രാചീനസാഹിത്യവുമായി കൂടുതൽ അടുത്തുനിൽക്കുന്നു. ഈ ഇഴയടുപ്പം വായ്പാപദങ്ങളുടെ വിശകലനത്തിലൂടെയും പരിശോധിക്കുന്നുണ്ട്. സംസ്കൃതവും പ്രാകൃതവുമായുള്ള ബന്ധവും സംസ്കൃതവും ദ്രാവിഡവുമായുള്ള ബന്ധവും സമാനമായ ശബ്ദമാറ്റങ്ങൾക്ക് വിധേയമാണ് എന്ന അദ്ദേഹത്തിന്റെ നിരീക്ഷണം പ്രസക്തമാണ്. ഇതിന്റെ വെളിച്ചത്തിൽ മലയാളത്തിൽ കാണുന്ന വായ്പാപദങ്ങൾ സംസ്കൃതത്തിൽനിന്ന് നേരിട്ട് കടന്നതാണോ? പ്രാകൃതംവഴി കടന്നുവന്നതാണോ? എന്നതിൽ സംശയമുണ്ടാക്കുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. എങ്കിലും സംസ്കൃത-ദ്രാവിഡ ബന്ധത്തിന്റെ ഇടനിലയായിട്ടാണ് പ്രാകൃതത്തെ അദ്ദേഹം വിലയിരുത്തുന്നത്. പ്രാകൃത-ദ്രാവിഡ സമ്പർക്കത്തിന്റെ പഴക്കത്തെക്കുറിച്ചുള്ള ഒരു നിരീക്ഷണമായി ഇതിനെ കണക്കാക്കാം. പ്രാകൃത-ദ്രാവിഡ സമ്പർക്കം സംസ്കൃത-ദ്രാവിഡസമ്പർക്കത്തിനേക്കാൾ പഴക്കമുള്ളതാണെന്ന് അദ്ദേഹം കണക്കാക്കാൻ കാരണമുണ്ട്. കാളിദാസനുമുമ്പുള്ള സംസ്കൃത സാഹിത്യത്തിൽ ദ്രാവിഡഭാഷയെ സ്വാധീനിക്കാൻ മാത്രമുള്ള

പ്രാധാന്യം അദ്ദേഹം കാണുന്നില്ല. ഇതിനുകാരണം സംസ്കൃതം അക്കാലത്ത് വരേണ്യർക്കിടയിൽ മാത്രം പ്രചാരംനേടിയിരുന്ന ഒന്നായിരുന്നു. സമാന പരിസ്ഥിതിയിൽ പ്രാകൃതം സജീവമായ വാമൊഴിയായി ജനങ്ങൾക്കിടയിൽ നിലനിന്നു. അശോകശാസനങ്ങൾ ഇതിനു തെളിവായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്.

ദക്ഷിണേന്ത്യയിൽ താമസമാക്കിയ ബ്രാഹ്മണരിൽ ചിലർ പ്രാകൃതം സംസാരിച്ചിരുന്നിരിക്കാം. ഇത് സ്ഥാപിക്കാനായി മഹാഭാഷ്യകാരനെ അദ്ദേഹം കൂട്ടുപിടിക്കുന്നു. തവി, കൂന്താലി, കത്തി, കരകം, കിണ്ടി, കിണ്ണം തുടങ്ങിയ ഇന്തോ-ആര്യൻ പദകോശം സ്ത്രീകളുടെ ഭാഷയിൽ മഹാഭാഷ്യകാരൻ അടയാളപ്പെടുത്തുന്നുണ്ട്. അതായത് ഇന്തോ-ആര്യൻ സമ്പർക്കം സംസ്കൃതത്തിനുമുമ്പ് ദ്രാവിഡമണ്ണിൽ വേരോടിയിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. വേദേതരമതങ്ങൾ പ്രാകൃതത്തെ സ്വീകരിച്ചിരുന്നുവെന്ന് തദ്ദേശീയഭാഷകളിൻമേലുള്ള പ്രാചീന സ്വാധീനത്തെ സിലോണിലെ 'പാലി'യെ മുൻനിർത്തി എം. പി. ശങ്കുണ്ണിനായർ നിരീക്ഷിക്കുന്നുണ്ട്. ബുദ്ധ-ജൈനമതങ്ങൾ തദ്ദേശീയരുമായി അടുത്തുനിൽക്കുന്നതിൽ ത്രൈവർണികർ എതിർത്തിരുന്നില്ല എന്ന് ഊഹിക്കാം. സംഘസാഹിത്യത്തിൽ ബുദ്ധ-ജൈനമതകേന്ദ്രങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഒട്ടേറെ പ്രാകൃതപദങ്ങൾ സമ്പർക്കഫലമായി ദ്രാവിഡത്തിൽ ഉൾച്ചേർന്നിട്ടുണ്ട്. ഇത്തരത്തിൽ സമ്പർക്കസാഹചര്യം അക്കാലത്തുണ്ടായിരുന്നുവെന്ന് അക്കമിട്ട് അടയാളപ്പെടുത്താൻ എം. പി. ശങ്കുണ്ണിനായർക്ക് കഴിഞ്ഞിട്ടുണ്ട്. (എം. പി. ശങ്കുണ്ണിനായർ, 1995)

സമ്പർക്കവും സ്വാധീനവും- ഇതാണ് എം. പി. ശങ്കുണ്ണിനായരുടെ പഠനത്തിന്റെ പശ്ചാത്തലമായി കാണാവുന്നത്. സാഹിത്യത്തിലും ഭാഷയിലും ഈ രണ്ടുകാര്യങ്ങളെക്കുറിച്ച് അന്വേഷണവഴികൾ തുറന്നിടുക എന്നത് അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. ഉദാഹരണമായി അദ്ദേഹത്തിന്റെ സാഹിത്യനിരൂപണമാതൃക എന്തെന്ന് പരിശോധിക്കാം. പൗരസ്ത്യപാശ്ചാത്യ ദർശനപരിസരത്തിൽ സാഹിത്യകൃതികളെ ജ്ഞാനപദ്ധതീനിബദ്ധമായി പരിശോധനാവിധേയമാക്കുക എന്നതായിരുന്നു പതിവ്. പൗരസ്ത്യശാഖയിലെ സമ്പർക്ക സാഹചര്യത്തെക്കുറിച്ചാണ് ഈ പഠനം. പൗരസ്ത്യ ശാഖയിൽ സംസ്കൃത-പ്രാകൃത അപഭ്രംശ ചേരുവകളുണ്ട്. സംസ്കൃത-പ്രാകൃത-അപഭ്രംശ സമ്പർക്കവും

സ്വാധീനവും ദ്രാവിഡഗോത്രത്തിലും സവിശേഷമായി മലയാള
ത്തിലും പരിശോധിച്ചറിയാനാണിവിടെ ശ്രമിക്കുന്നത്. ഇദ്ദേഹ
ത്തിന്റെ നിരൂപണമാതൃകയുടെ സമീപനരീതിയെന്നത് ഭാഷാ
ശാസ്ത്ര സമീപനമാണ്. എന്നാൽ ഭാഷാശാസ്ത്രസമീപനത്തിൽ
തെരെഞ്ഞെടുത്തിരിക്കുന്ന മാർഗങ്ങൾ പ്രധാനമായും രേഖാസ
ഞ്ചയപരിശോധന, നിരുക്തപരിശോധന എന്നിവയാണ്. ചില
സന്ദർഭങ്ങളിൽ വ്യാകരണികരൂപം, ശബ്ദമാറ്റം എന്നിവയും കണ
ക്കിലെടുക്കുന്നുണ്ട്. വിമർശനത്തിന്റെ പാശ്ചാത്യമാതൃകയുടെ
ഉപയോഗം ദാർശനികപശ്ചാത്തലവുമായും സർഗാത്മകസമാന
തയുമായും ബന്ധപ്പെട്ടുനിൽക്കുന്നതായി കാണാം.

വിമർശനവിധേയമാക്കുന്ന വിഷയവസ്തു ഏതാണെങ്കിലും
അതിന്റെ രേഖാസഞ്ചയ (കോർപ്പസ്) പരിശോധനയ്ക്കുശേഷം
അധഃസ്തര (സബ്സ്ട്രാറ്റം)പരിശോധനയിലേക്കു കടക്കുക
യാണ് പതിവ്. അധഃസ്തരപരിശോധനയിലേക്കു കടക്കുന്ന
തോടെ പദനിഷ്പത്തിയും നിരുക്തപരിശോധനയും അതിന്റെ
ഭാഗമാകും. ചിലസന്ദർഭങ്ങളിൽ ശബ്ദമാറ്റവും വ്യാകരണികപരി
ശോധനയും കടന്നുവരുന്നുണ്ട്. എന്നാൽ പ്രധാനമായി പരിശോ
ധനാവിധേയമാകുന്നതെപ്പോഴും കോർപ്പസ്പരിശോധനതന്നെ
യാണ്. കോർപ്പസ് പരിശോധനയിൽ ഏതെങ്കിലും ഒരു പ്രത്യേ
കശാഖയെന്നോ പ്രത്യേകഭാഷയിൽപെടുന്നതെന്നോ തീരുമാ
നിക്കാറില്ല. കാലവും നിർബന്ധമല്ല. ശാസനം മുതൽ ആധുനിക
ഭാഷാശാസ്ത്രജ്ഞരുടെ മാത്രമല്ല സാഹിത്യനിരൂപകരുടെ പഠ
നങ്ങൾവരെ പഠനത്തിലുൾക്കൊള്ളിക്കുക പതിവാണ്. തന്നെ
യുമല്ല വിവിധഭാഷാസന്ദർഭങ്ങളെ കൂട്ടിയിണക്കിക്കൊണ്ട്
സംസ്കൃത-പ്രാകൃത അപഭ്രംശ ദ്രാവിഡബന്ധവും സ്വാധീനവും
വെളിപ്പെടുത്തും. ഇത്തരത്തിലുള്ള അധഃസ്തരപരിശോധനകൾ
പലപ്പോഴും അപരിചിതമായ സന്ദർഭങ്ങളുടെ വൈരുദ്ധ്യംകാ
രണം ചിന്തോദ്ദീപകമായി താർക്കികഘടനയിലേക്ക് കടക്കും.
പശ്ചാത്തലം താർക്കികമാകുമെങ്കിലും അന്തിമവിധിപ്രഖ്യാപനം
എം. പി. ശങ്കുണ്ണിനായരുടെ പക്ഷത്തുനിന്നുണ്ടാവുകയോ, തുടർ
ചർച്ചയുടെ പരിസരമാക്കുകയോ ചെയ്തുകൊണ്ട് അവസാനി
പ്പിക്കുകയോ ആണ് പതിവ്. ഈ ഒരു രീതി അവലംബിക്കുക
വഴി ഒരുപദത്തിന്റെ, ഒരുകാവ്യസന്ദർഭത്തിന്റെ, ബഹുനിലയി
ലുള്ള സാധ്യതകളിലേയ്ക്കുള്ള നോട്ടങ്ങളായി അദ്ദേഹത്തിന്റെ

രേഖാസഞ്ചയപരിശോധന മാറുന്നു. അർത്ഥം കണ്ടെത്താനുള്ള ശ്രമങ്ങളാണ് അദ്ദേഹം ചെയ്യുന്നത്. സ്ഥിരാർത്ഥത്തിനുപരി ചരാർത്ഥത്തെയും സംവാദാർത്ഥത്തെയും അവതരിപ്പിക്കുകവഴി അർത്ഥപരിശോധനകൾ നിരൂപണസാധ്യത നിലനിർത്തുന്നു. എന്തിനെയും ഏതിനെയും രൂപത്തിന്റെയും ഭാവത്തിന്റെയും അധഃസ്തരബന്ധങ്ങൾ തിരയുന്നതിലൂടെ, പ്രാകൃത-ദ്രാവിഡ ബന്ധം സുദീർഘ സമ്പർക്കത്തിന്റേതാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

മലയാളത്തെ സംസ്കൃതപണ്ഡിതന്മാർ പ്രാകൃത അപഭ്രംശമായി കണ്ടിരുന്നുവെന്നാണ് എം. പി. ശങ്കുണ്ണിനായരുടെ നിരീക്ഷണം. മലബാറിൽ പ്രാകൃതം അറിയുന്നവരുണ്ടായിരുന്നുവെന്നും സംസ്കൃതനാടകങ്ങളിലൂടെ പ്രചരിച്ചിരുന്ന പ്രാകൃതവും മലബാറിൽ വികസിച്ചിരുന്ന പ്രാകൃതവും വ്യത്യസ്തമായിരുന്നുവെന്നുമൊക്കെ അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്.

സംസ്കൃത രചനകളേക്കാൾ മൃദുവാണ് പ്രാകൃത രചനകളെന്ന് ഒരുപക്ഷം ഉണ്ടായിരുന്നതായി അദ്ദേഹം അഭിപ്രായപ്പെടുന്നു. മിശ്രഭാഷാസന്ദർഭത്തിൽ ഉരുത്തിരിഞ്ഞ മണിപ്രവാളസാഹിത്യം പ്രാകൃത സാഹിതീയതയെ മാതൃകയാക്കുന്നു എന്നദ്ദേഹം കണ്ടെത്തുന്നുണ്ട്. ഏഴ് ഘടകങ്ങൾ വിശദീകരിച്ചുകൊണ്ടാണ് ഈ താരതമ്യം മുന്നോട്ടുപോകുന്നത്.

1. പ്രാകൃത സാഹിത്യത്തിന്റെ ശ്രോതാക്കൾ സ്ത്രീകളാണ്. ബൃഹത്കഥ പാർവതിയെ ശ്രോതാവായി സങ്കല്പിക്കുന്നു. കുബേരൻ കഥപറയുന്നത് ഭാര്യയോടാണ്. ലീലാവതീകഥയും എഴുത്തുകാരന്റെ ഭാര്യയായ സാവിത്രിക്കുവേണ്ടിയുള്ളതാണ്. ഇങ്ങനെ നിരവധി ഉദാഹരണങ്ങളിലൂടെ പ്രാകൃതരചയിതാക്കളുടെ ഒരു സാമാന്യ സ്വഭാവമാണ് ഇതെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. സംസ്കൃതത്തിൽ ഈ പ്രവണത കടന്നുവന്നത് പില്ക്കാലത്താണ്. മണിപ്രവാള ചമ്പുക്കൾ സ്ത്രീകൾക്കുവേണ്ടിയുള്ളതാണ്. കോകസന്ദേശത്തിൽ നായകന്റെ ഭാര്യയാണ് ശ്രോതാവ്. ഉണ്ണിനീലിസന്ദേശത്തിൽ നായികയായ നീലിയും. ഇത്തരത്തിൽ സ്ത്രീകളെ അഭിമുഖീകരിച്ചുകൊണ്ടുള്ള പ്രാകൃതരചനാരീതി തന്നെയാണ് മണിപ്രവാളവും സ്വീകരിച്ചത്.

2. പ്രാകൃതകൃതികൾ മിക്കതും ലാസ്യരസപ്രധാനമാണ്. ജൈനരുടെ കൃതികൾപോലും ഇതിൽനിന്ന് വേറിട്ടു നിൽക്കുന്നില്ല. ആദ്യകാല മണിപ്രവാളസാഹിത്യവും ഇത്തരത്തിലുള്ള ദേവദാസി ആഘോഷങ്ങളാണ്. അവരെ സന്യാസിനിയോളം ഉയർത്തുന്ന രീതിയുമുണ്ട്. അക്കാലത്ത് വരേണ്യവിഭാഗത്തിന്റെ രസക്രീഡയായിരുന്നു ഇതിന്റെ പിന്നിലെന്ന് പറയാനാവില്ല. പ്രേമ പ്രകടനങ്ങളുടെ പ്രാകൃതവഴി തന്നെയാണ് മലയാളം സ്വീകരിച്ചതെന്നദ്ദേഹം സ്ഥാപിക്കുന്നു.

3. യക്ഷന്മാരുടെയും ഗന്ധർവന്മാരുടെയുമൊക്കെ ലോകം. ജൈന-ബുദ്ധ മിത്തോളജിയിൽ ‘കാമ’എന്നത് യക്ഷനോ ഗന്ധർവ്വനോ ആണ്. ഇത്തരത്തിലുള്ള കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും പ്രാകൃതസാഹിത്യത്തിൽ വളരെയധികം കാണാൻകഴിയും. ആദ്യകാല മണിപ്രവാളകൃതികളിലും ഇന്ദ്രനും ഗന്ധർവ്വനുമൊക്കെ സുന്ദരിമാരെ അന്വേഷിച്ച് ഭൂമിയിലെത്തുന്നതും കടത്തിക്കൊണ്ടുപോകുന്നതുമൊക്കെയായ കഥാസന്ദർഭങ്ങൾ കാണാം.

4. പ്രാകൃതത്തിലെ പ്രണയഭാഷ എന്നത് മിശ്രഭാഷയാണ്. ഗദ്യപദ്യ മിശ്രിതം കാണാൻ കഴിയും. ചമ്പുക്കളിലും ഇത്തരത്തിൽ സംസ്കൃത പ്രാകൃത-അപഭ്രംശമിശ്രിതം കാണാം. മിശ്രഭാഷാ രൂപങ്ങളുടെ സമാനത മണിപ്രവാളത്തെയും പ്രാകൃത അവതരണത്തെയും കൂട്ടിയിണക്കുന്നു.

5. പ്രാകൃതസാഹിത്യത്തിലെ പ്രധാനരൂപങ്ങളിലൊന്നായ ‘ചാടുമുക്തക’ പലപ്പോഴും പൂർണകൃതികളല്ല. ഗാഥാസത്തസതിയിലെ പാട്ടുകൾ ഇതിന് ഉദാഹരണങ്ങളാണ്. തമിഴ് സംഘം സാഹിത്യത്തിലും ഇത്തരം പ്രവണതകാണാം. മണിപ്രവാളത്തിലെ പദ്യശകലങ്ങളും മുക്തകരൂപങ്ങളെ ഓർമ്മിപ്പിക്കുന്നു. അവയെല്ലാം പ്രാകൃതസ്വാധീനമായി കാണാം.

6. പ്രാകൃതത്തിൽ പദ്യത്തിനും ഗദ്യത്തിനും വെവ്വേറെ ഭാഷയാണ്. മഹാരാഷ്ട്രി പദ്യഭാഷയാകുമ്പോൾ ശൗരസേനി ഗദ്യഭാഷാരൂപമായാണ് അറിയപ്പെടുന്നത്. സംസ്കൃതത്തിന് അത്തരം വ്യത്യാസങ്ങളില്ല. മണിപ്രവാളഭാഷ പൊതുവിൽ

പദ്യഭാഷയായാണ് കണക്കാക്കുന്നത്. അതിന്റെ ഗദ്യരൂപമായി നമ്പ്യാംതമിഴിനെയാണ് പരിഗണിക്കുന്നത്.

7. പ്രാകൃതത്തിലെ പ്രണയം ജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്നു. അതിന്റെ പശ്ചാത്തലമായി ഗ്രാമ-നഗര-കമ്പോള ഉത്സവഇടങ്ങൾ തുടങ്ങിയുള്ള പലയിടങ്ങളും പ്രാകൃതകഥകളിൽ ഉണ്ട്. ഇതേ ഇടവൈവിധ്യം മണിപ്രവാളത്തിലും കാണാം. മീൻചന്തപോലും ഒഴിവാക്കിയിട്ടില്ല. കൂടിയാട്ടത്തിലെ പുരുഷാർത്ഥകൂത്ത് ബൃഹത്കഥയെ അവലംബിക്കുന്നു. ഇത്തരത്തിൽ മണിപ്രവാളത്തെ പ്രാകൃത സാഹിതീയതയുമായി അടുത്തുനിർത്തി പരിശോധിച്ചെടുക്കുകയാണ് ശങ്കുണ്ണിനായർ.

ശങ്കുണ്ണിനായരുടെ വിമർശനത്തിലെ അധഃസ്തരപരിശോധന മലയാളത്തിലെ മണിപ്രവാളസാഹിത്യവുമായി മാത്രമല്ല ബന്ധപ്പെട്ടുനിൽക്കുന്നത്. ലീലാതിലകത്തിലെ പാട്ടിന്റെ നിർവചനത്തെയും അതിന് പ്രാകൃതവുമായിട്ടുള്ള ബന്ധത്തെപ്പറ്റിയുമൊക്കെ വിശദമായി ചർച്ചചെയ്യുന്നുണ്ട്. മലയാളത്തിലെ പദവിഭാഗങ്ങളുടെ കാര്യത്തിലും ഇത്തരത്തിൽ പ്രാകൃതബന്ധം പരിശോധിക്കുന്നു. ലീലാതിലകകാരൻ മലയാളത്തിലെ പ്രാകൃതപദങ്ങളെക്കുറിച്ച് പറയുന്നതോടൊപ്പം പദവിഭാഗങ്ങളെ 'ദേശി' (ശുദ്ധ, ഭാഷാന്തരഭാവ, ഭാഷാന്തരസമ) സംസ്കൃത-പ്രാകൃതസമ, സംസ്കൃത-പ്രാകൃതഭാവ നാലാമതായി സംസ്കൃതീകൃതരൂപം; അതായത് മലയാളധാതുവിനോട് സംസ്കൃത പ്രത്യയങ്ങൾ ചേർന്ന രൂപങ്ങൾ സംസ്കൃതമായി പരിഗണിച്ചുവെന്ന് ലീലാതിലകകാരൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. പാമരഭാഷയും ശിഷ്ടഭാഷയും എന്ന തരത്തിലുള്ള രണ്ടുതരം ഭാഷാഭേദങ്ങൾ കണ്ടു. മണിപ്രവാളത്തിൽ ശിഷ്ടഭാഷയാണ് ഉപയോഗിച്ചിരുന്നത്. അതായത് ത്രൈവർണികഭാഷ. ഗോദവർമ്മയുടെ ഇന്തോ-ആര്യൻ വായ്പാപദങ്ങളെക്കുറിച്ചുള്ള വർഗീകരണം മറ്റൊരുതരത്തിലാണ്. സംസ്കൃത പദരൂപങ്ങളോടൊപ്പം പ്രാകൃതത്തെയും അദ്ദേഹം പരിഗണിച്ചു. അർത്ഥവ്യത്യാസം വരാത്ത പ്രാകൃതപദങ്ങളെയും രൂപത്തിലെവ്യത്യാസത്തെയും അർത്ഥത്തിലെവ്യത്യാസത്തെയും രൂപവും അർത്ഥവും മാറിയ പ്രാകൃതപദങ്ങളെയുമൊക്കെ അദ്ദേഹം പരിഗണിച്ചു. മലയാളത്തിലെ ഒട്ടേറെ പദങ്ങൾ പ്രാകൃതത്തിൽനിന്ന്, അതായത് ഇരുപത്തിനാല് വിഭാഗങ്ങളിൽ ഉൾപ്പെ

ടുന്ന പദങ്ങൾ, കടന്നുവന്നതായി അദ്ദേഹം വിശദീകരിക്കുന്നുണ്ട്. പ്രാകൃത-ദ്രാവിഡബന്ധം ഭാഷാപരിണാമത്തിലും കാണാം എന്നാണ് എം. പി. ശങ്കുണ്ണിനായരുടെ പക്ഷം. ഏ. ആർ. വിവരിക്കുന്ന ആറ് ഭാഷാപരിവർത്തന നയങ്ങളും പ്രാകൃതത്തിനു സംഭവിച്ച ഭാഷാപരിണാമവുമായി ബന്ധപ്പെടുത്തികാണാനും അദ്ദേഹത്തിന് കഴിഞ്ഞു. ഇത്തരത്തിൽ നോക്കിയാൽ മദ്ധ്യ ഇന്തോ ആര്യനും ദ്രാവിഡവുമായിട്ടുള്ള ബന്ധം വളരെ ശക്തമായ ഒരു സ്രോതസ്സായി പഠനങ്ങളിൽ എം. പി. ശങ്കുണ്ണിനായർ അവതരിപ്പിക്കുന്നു.

ചുരുക്കത്തിൽ എം. പി. ശങ്കുണ്ണിനായരുടെ നിരൂപണമാതൃക പരിശോധിക്കുമ്പോൾ അദ്ദേഹം സ്വീകരിക്കുന്ന രീതിശാസ്ത്രപരമായ മികവ് പറയുന്നതോടൊപ്പംതന്നെ അതിന്റെ പരിമിതികളും പറയേണ്ടതുണ്ട്. പൂർണമായ പരാമർശവിവരണം ലഭ്യമല്ല എന്നതുതന്നെയാണ് മുഖ്യ പരിമിതി. എന്നാൽ കോർപ്പസ് പരിശോധന നടത്തുമ്പോൾ ഒരാസ്വാദകന്റെ ബൃഹത്തായ വായനാപ്രപഞ്ചത്തെ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. മുൻകാല കുറിപ്പുകളിൽനിന്നും ഓർമ്മയിൽനിന്നുമൊക്കെ അവതരിപ്പിക്കുന്ന പരാമർശസന്ദർഭങ്ങളുടെ സാധുതാപരിശോധനയും ഉണ്ടാകുന്നില്ല. ഇതിനുകാരണം ഇതിന്റെ സ്രോതസ്സുകളെക്കുറിച്ചുള്ള അപര്യാപ്ത വിവരങ്ങളാണ്. മറ്റൊന്നുള്ളത് പലപ്പോഴും അദ്ദേഹം പിന്തുടരുന്ന ഭാഷാശാസ്ത്രരീതികൾ അതത് സന്ദർഭത്തിൽ നിർണായകമാണോ എന്നതും പരിശോധന അർഹിക്കുന്നുണ്ട്. ചില സന്ദർഭങ്ങളിലെങ്കിലും അത് താർക്കികാന്തരീക്ഷത്തെ സൃഷ്ടിക്കാൻ ഉപയോഗിക്കുന്നു എന്നുകാണാം. രീതിശാസ്ത്രപരമായ ഏകാകിത്വം നിരൂപണമാതൃകയിൽ പ്രകടമാണ്. ഈ നിരീക്ഷണങ്ങൾ പൊതുവിൽ മലയാളപ്രാകൃത സാഹിതീയ വേരോട്ടങ്ങൾ, ദ്രാവിഡപ്രാകൃതസമ്പർക്കത്തെയും സ്വാധീനത്തെയുമെല്ലാം വെളിപ്പെടുത്തുന്നുണ്ട്. ഇതിലൂടെ ദ്രാവിഡരുടെ സർഗാത്മക ധൈഷണിക പ്രവർത്തനങ്ങൾക്ക് നിദാനമായത് ഇന്തോ ആര്യൻ സമ്പർക്കമാണെന്ന് പറയാതെ പറഞ്ഞുവെയ്ക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഒരു അധഃസ്തരവീക്ഷണം ദ്രാവിഡഭാഷയുടെ തനത് സ്വഭാവത്തെ സമ്പർക്കമിശ്രണമാക്കുന്നുഎന്നത് പ്രധാനമാണ്. അതുതന്നെ ഒട്ടേറെ ഗവേഷണസാധ്യതകൾ മുന്നോട്ടുവെക്കുന്നു. ഇന്തോ ആര്യന്റെ പലഘട്ടങ്ങളിലുള്ള

ഭാഷാപ്രവണതയും ദ്രാവിഡത്തിൽ ഉൾച്ചേർന്നിട്ടുണ്ട്. അതിൽ ഏറ്റവും പഴക്കമേറിയത് പാലി-പ്രാകൃത രൂപങ്ങളാണ്. ആദ്യ കാല വായ്പാ വാക്കുകളിൽ ഇന്തോ-ആര്യൻ വർണ്ണങ്ങളുടെ ലോപം പ്രകടമാണ്. പിൽക്കാലത്ത് പകരം വർണങ്ങളെ ഉൾപ്പെ ടുത്തി ഈ പ്രശ്നം പരിഹരിക്കുന്നുണ്ട്. തമിഴ്-മലയാള ക്രിയക ളുടെ രൂപീകരണത്തിലും പ്രാകൃത പ്രവണത ശങ്കുണ്ണിനായർ തിരിച്ചറിയുന്നുണ്ട്.

ശങ്കുണ്ണിനായരുടെ പഠനത്തിൽ ദ്രാവിഡവുമായുള്ള പ്രാകൃ തബന്ധം സംസ്കതത്തേക്കാൾ ആഴത്തിലുള്ളതെന്ന് വെളിപ്പെ ടുന്നു. ദക്ഷിണദ്രാവിഡത്തിലെ ബൌദ്ധ-ജൈന സ്വാധീനത്തേ യാണ് ഇത് വെളിപ്പെടുത്തുന്നത്. മലയാളഭാഷയുടെയും സാഹി ത്യത്തിന്റെയും മാത്രമല്ല സംഘസാഹിത്യം ഉൾപ്പെടെയുള്ള ദ്രാവിഡസാഹിത്യ സംസ്കാരവും പ്രാകൃത വേഴ്ചയിൽനിന്ന് ഉടലെടുത്തതാണ് എന്ന് സ്ഥാപിക്കുകവഴി രണ്ടുതരത്തിലുള്ള പ്രശ്നമണ്ഡലം തുറന്നിടുന്നു. സംസ്കൃതവും ദ്രാവിഡഭാഷയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുണ്ടായിട്ടുള്ള പഠനങ്ങളെ ആഴ ത്തിൽ പുനഃപരിശോധിക്കാൻ ശങ്കുണ്ണിനായരുടെ നിഗമനങ്ങൾ നമ്മളോട് ആവശ്യപ്പെടുന്നുണ്ട്. ജനസമ്പർക്കത്തിന്റേതായ പ്രാകൃതബന്ധം ദ്രാവിഡഭാഷയിൽ അവശേഷിപ്പിച്ച അടയാള ങ്ങൾ സംസ്കൃതത്തിന്റേതായി തെറ്റിദ്ധരിക്കരുതെന്നും സംസ്കൃ തത്തെ കാളിദാസനുശേഷമുള്ള സ്വാധീനമാക്കി മനസ്സിലാ ക്കാനും പ്രാകൃതസമ്പർക്കംവഴിയുള്ള ജനസാമാന്യബന്ധത്തെ ഉയർത്തിക്കാട്ടാനും അദ്ദേഹത്തിന്റെ നിഗമനങ്ങൾക്കാകുന്നുണ്ട്. സംസ്കൃത-ദ്രാവിഡ ബന്ധത്തിന്റെ പുനഃപരിശോധനയ്ക്ക് ശങ്കു ണ്ണിനായരുടെ ഈ ഉൾക്കാഴ്ചയ്കളെ പ്രയോജനപ്പെടുത്തേണ്ട കാലമാണിതെന്നോർക്കുക.

കെ. ഗോദവർമ്മ (1946) പി. എം. ജോസഫ് (1984), എം.പി. ശങ്കുണ്ണി നായർ (1995) എന്നിവർ അവതരിപ്പിച്ച പ്രാകൃതപദപ്പ ട്ടിക താരതമ്യ പഠനത്തിനായി യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് നിര കളായി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# അനുബന്ധം

## 1

1. അകില്
2. അക്കമാല
3. അക്കരം
4. അക്കി
5. അച്ഛൻ
6. അണ്ടി
7. അത്താണി
8. അപകടം
9. അമ്പലം
10. അമ്പഴം
11. അമ്പാഴം
12. അയ്യൻ
13. അരക്കൻ
14. അരക്ക്
15. അരത്തം
16. അലോഹ്യം
17. അവിട്ടം
18. ആണ
19. ആയിലിയം, ആയില്യം
20. ആവണി
21. ഇച്ചിരി
22. ഇത്തിരി
23. ഇലക്കണം
24. ഉപ്പരിക

## 2

1. അകത്തി
2. അക്കം
3. അക്കരം
4. അക്കശാല
5. അക്കി
6. അക്കിത്തം
7. അക്കിത്തിരി
8. അഖ്ഖരം
9. അങ്കാടി
10. അങ്കി
11. അങ്കുട്ടം
12. അങ്ങാടിപ്പാട്ട്
13. അച്ച
14. അച്ചാൻ
15. അച്ചാച്ചൻ, യൻ
16. അച്ചാരം
17. അച്ചി
18. കറുപ്പ്
19. യാർ
20. അച്ച്
21. അടി
22. കൂടം
23. തപ്പ്
24. അച്ച
25. ആണി

## 3

1. അക
2. അകവൽ!
3. അകിട്
4. അക്കാൾ
5. അക്കി
6. അക്കിത്തൻ
7. അക്കൂരൻ
8. അങ്കം
9. അച്ഛൻ
10. അച്ചുതൻ
11. അച്ച്
12. അടയാളം
13. അടിയം+തുരം
14. അണൽ
15. അണ്ടി
16. അണ്ണൻ
17. അത്തം
18. അത്താണി
19. അൻഷി
20. അനിയൻ
21. അനിഴം
22. അന്തസ്സ്
23. അന്നം
24. അമ്പരപ്പ്
25. അമ്മിഞ്ഞ

25. ഉമ്മത്തം
26. ഉമ്മത്ത്
27. ഉമ്മരം
28. ഉമ്മാരം
29. ഉറുപ്പിക
30. ഒട്ടകം
31. ഒട്ടർ
32. ഓചരാനം
33. ഓണം
34. ഓലക്കം
35. ഓഹരി
36. കക്കട
37. കക്കൻ
38. കഞ്ഞി
39. കണിയാൻ
40. കണ്ണൻ
41. കത്തി
42. കത്തിരി
43. കന്നം
44. കന്നി
45. കപ്പം
46. കപ്പര
47. കമ്മാരൻ
48. കയക്കു
49. കയ്യൻ
50. കള്ള്
51. കാമരം
52. കായം
53. കായൽ

26. തടി
27. അച്ച്
28. വരി
29. അച്ചുതൻ
30. അച്ഛൻ
31. അഞ്ഞായം
32. അട്ടം
33. അട്ടമി
34. അട്ടിമതുരം
35. അണി
36. അണിയം
37. അത്തം
38. അത്തനികൊട്ടം
39. അത്താണി
40. അത്തി
41. അത്തി
42. അത്തിത്തിപ്പലി
43. അനിഴം, ഷം, നൂടം
44. അന്തരാളൻ
45. അന്തരാളം
46. അന്തോളം, ളകം
47. അന്നിയായം
48. അഭീച്ഛ
49. അമച്ചൻ
50. അമരം
51. അമാമസി
52. അമിതു, മു

26. അയകൻ
27. അയക്കുന്നു
28. അയ്മോദകം
29. അയ്യം
30. അയ്യൻ
31. അര
32. അരക്കൻ
33. അരങ്ങ്
34. അരൺ
35. അരണ
36. അരയൻ
37. അരിശി
38. അർച്ചിതം
39. അവിട്ടം
40. അവുങ്ങ
41. അവൃത്തി
42. അവ്വാപോലൻ
43. അശു
44. ആക്രാന്തം
45. ആട
46. ആടലോടകം
47. ആണ
48. ആണത്തി
49. ആനായ്
50. ആപ്പം
51. ആപ്പി
52. ആമാട
53. ആയില്യം
54. ആരണൻ

54. കരരം
55. കാവിടി
56. കിട്ടു
57. കിണ
58. കച്ചി
59. കുച്ച്
60. കുത്തക
61. കുന്തിരിക്കം
62. കുപ്പായം
63. കുപ്പി
64. കുരപ്പം
65. കൂടാരം
66. കെണ്ടി
67. കേമം
68. കേവണം
69. കേവ്
70. കൊട്ട
71. കൊട്ട
72. കൊട്ടം
73. കൊട്ടക
74. കൊട്ടാരം
75. കൊട്ടി
76. കൊട്ടിൽ
77. കൊപ്പര
78. കോണകം
79. ചക്കര
80. ചക്ക്
81. ചങ്ങല
82. ചങ്ങാടം

53. അംകയൻ
54. അംകി
55. അമ്പട്ടൻ, മ്പി
56. അമ്പലം
57. അമ്പഴം
58. അമ്പുയം
59. അംബ്ലം
60. അയൻ
61. അയകൻ
62. അയമോദകം, ത
63. അയിരാവതം
64. അയ്യൻ
65. അയ്യൻ
66. അയ്യർ, യ്യങ്കാർ
67. അരക്ക
68. അരക്കൻ
69. അരക്ക്
70. അരത്ത
71. അരത്ത
72. അരണിയർ
73. അരയൻ
74. അരിയം, ശം
75. അരൈക്കാണം
76. അരൈയൻ
77. അലാബു
78. അളക
79. അളി
80. അളിന്തകം, ന്ദം

55. ആരാ
56. ആരായ്
57. ആര്യൻ
58. ആർത്തി
59. ആല
60. ആഴം
61. ആഴക്ക്
62. ആഴാക്ക്
63. ആഴി
64. ആഴുക
65. ആവ
66. ആവണപ്പലക
67. ആവ്
68. ആശാരി
69. ഇകഴ്ത്തി
70. ഇങ്ങ
71. ഇച്ചരൻ
72. ഇഞ്ച
73. ഇട
74. ഇത്തിരി
75. ഇരട്ടിമതുരം
76. ഇരുളം
77. ഇരുവേലി
78. ഈകം
79. ഈച്ച
80. ഈട്ടി
81. ഈമം
82. ഈറ
83. ഉകിർ

83. ചങ്ങെത
84. ചതകപ്പ
85. ചതയം
86. ചപ്പള
87. ചപ്രം
88. ചമുക്ക
89. ചമുക്കാളൻ
90. ചമ്മട്ടി
91. ചമ്മന്തി
92. ചവണ
93. ചവളം
94. ചവുക്ക
95. ചവുക്കാളൻ
96. ചാണകം
97. ചാരം
98. ചിക്ക്
99. ചിങ്കളം
100. ചിങ്കാരം
101. ചിങ്ങം
102. ചിങ്ങളം
103. ചിപ്പം
104. ചുക്ക്
105. ചുങ്കം
106. ചുണ്ണാമ്പ്
107. ചൂത്
108. ചെക്ക്
109. ചെട്ടി
110. ചെമ്മാൻ
111. ചെവല

81. അവത്ത
82. അവൽ, വി
83. അവി
84. അവിട്ടം
85. ആചാൻ
86. ആചാരി
87. ആടലോടകം
88. ആടവാണിയം
89. ആടി
90. ആണ
91. ആണത്തി
92. ആതിച്ചൻ
93. ആനയച്ച്
94. ആയകർ
95. ആയറം
96. ആയിരം
97. ആയില്ലിയം, ല്യം
98. ആരിയൻ
99. ആലവട്ടം
100. ആളാമണി
101. ആളി
102. ആഴക്കു്
103. ആവണക്ക്
104. ആവണം
105. ആവണി
106. ആശി
107. ഇംഗാലം
108. ഇഞ്ചി

84. ഉങ്ങുന്നു
85. ഉടൽ
86. ഉത്രട്ടാതി
87. ഉത്രാടം
88. ഉമണൻ
89. ഉമ്മറം
90. ഉരം
91. ഉരു
92. ഉരും
93. ഉവാവ്
94. ഊടുംപാവും
95. ഊൻ
96. ഊര
97. ഊഴം
98. എകിർ
99. എച്ചിൽ
100. എടവം
101. ഏൻ
102. ഏനാതി
103. ഒക്ക്
104. ഒച്ച
105. ഒട്ടകം
106. ഒഡ്യാണം
107. ഒപ്പ്
108. ഒറ്റൻ
109. ഒറ്റി
110. ഓക്കാനിക്കുന്ന
111. ഓച്ചൻ
112. ഓടം

## ആധാരസൂചി


ജോസഫ്, പി. എം. *മലയാളത്തിലെ പരകീയപദങ്ങൾ*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1984.

Ramaswamy Ayyar L.V. 1934-35. *Semantic Divergences in indo-aryan loan words in South Dravidian*. JORM, Vol.VIII-IX.

Godavarma. K. '*Índo- Aryan Loan Words in Malayalam'*, Tirur: Thunchath Ezhuthachan Malayalam Universtiy., (1946) 2017.

Sankunni Nair. M. P, '*Points of Contact between Prakrit and Malayalam*'. Thiruvananthapuram: International School of Dravidian Linguistics, 1995.